# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5667 24.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

## <u>സ്റ്റാഫ് നഴ്സ് തസ്തിക</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഈ സർക്കാരിന്റെ കാലത്ത് സൃഷ്ടിച്ച സ്റ്റാഫ് നഴ്സ് തസ്തികയ്ക്ക് ആനുപാതികമായി ഹെഡ്നഴ്സ്, നഴ്സിംഗ് സൂപ്രണ്ട് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | എ) | ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 07.10.2016-ലെ സ.ഉ(കൈ) നം.191/2016/ആ.കു.വ പ്രകാരം കൊല്ലം മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-120, ഹെഡ് നഴ്സ്-12, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I- 1, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് ഗ്രേഡ് II- 3 തസ്തികകളും 22.12.2016-ലെ സ.ഉ.(കൈ) നം.225/2016/ആ.കു.വ പ്രകാരം എല്ലാ മെഡിക്കൽ കോളേജുകളിലെയും സർജിക്കൽ, മെഡിക്കൽ ഓങ്കോളജി എന്നീ വിഭാഗത്തിലേയ്ക്ക് 6, 5 വീതം സ്റ്റാഫ് നഴ്സ് തസ്തികകളും 29.04.2017-ലെ സ.ഉ.(കൈ) നം.67/2017/ആ.കു.വ പ്രകാരം വിവിധ മെഡിക്കൽ കോളേജുകളിലായി 721 സ്റ്റാഫ് നഴ്സ് തസ്തികകളും 05.05.2017-ലെ സ.ഉ.(കൈ) നം.72/2017/ആ.കു.വ പ്രകാരം എറണാകുളം മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സ്-65, ഹെഡ് നഴ്സ്-13, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I-2, നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II-3 തസ്തികകളും സൃഷ്ടിച്ചു |
| ബി) | ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | മറ്റു മെഡിക്കൽ കോളേജുകളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്. |

Milan

സെക്ഷൻ ഓഫീസർ